**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 750** **10-02-2025 - ൽ മറുപടിയ്ക്ക്**

**നെൽകർഷകരുടെ ഉന്നമനത്തിനായുള്ള സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നെൽകർഷകരുടെ ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (എ) | കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി നെല്ല് സംഭരണം പ്രധാന പ്രവർത്തനമായി 27.08.2021തീയതിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള സംഘമാണ് കേരള പാഡി പ്രോക്യുർമെന്റ് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം (KAPCOS) ക്ലിപ്തം നമ്പർ 4505. സംഘം ബൈലോ വ്യവസ്ഥ പ്രകാരം കർഷകർക്ക് വരുമാനവും, സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയുമാണ് സംഘത്തിന്റെ ലക്ഷ്യം. അരിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി, സംഘത്തിന്റെ പേരിൽ കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ കിടങ്ങൂർ വില്ലേജിൽ വാങ്ങിയിട്ടുള്ള സ്ഥലത്ത് ആധുനിക റൈസ് മില്ലിന്റെ നിർമാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന നെല്ല് ന്യായമായ വില നൽകി സംഭരിക്കുവാൻ ആധുനിക റൈസ് മില്ലിലൂടെ സാധ്യമാകുന്നതാണ്.<br><br>പാലക്കാട് ജില്ലയിൽ പാലക്കാട് ആസ്ഥാനമാക്കി 29.01.2019ൽ അഗ്രിക്കൾച്ചറൽ പ്രോസ്സസ്സിംഗ് സൊസൈറ്റി ആയി രജിസ്റ്റർ ചെയ്ത് 06.02.2019ൽ പ്രവർത്തനം ആരംഭിച്ച പാലക്കാട് പാഡി പ്രോക്യുർമെന്റ് പ്രോസ്സസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം (PAPCOS) ക്ലിപ്തം നമ്പർ പി.1449 ൽ നിലവിൽ 36 പ്രാഥമിക കാർഷിക വായ്പ്പാ സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. 13.70 കോടി രൂപ "എ" ക്ലാസ് ഓഹരി മൂലധനമായി സംഘം സമാഹരിച്ചിട്ടുണ്ട്. സർക്കാരിൽ നിന്ന് ഒരു കോടി രൂപ "ബി" ക്ലാസ് ഓഹരി മൂലധനവും, ഒരു കോടി രൂപ സബ്സിഡിയും ഉൾപ്പെടെ ആകെ രണ്ട് കോടി രൂപ സംഘത്തിന് ധനസഹായമായി |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. ആധുനിക റൈസ് മിൽ സ്ഥാപിച്ച് പാലക്കാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംഭരിക്കുകയും സംസ്കരിച്ച് അരിയാക്കി മാറ്റി പൊതു വിപണിയിലും, സഹകരണ സംഘങ്ങൾ വഴി വിപണന സ്റ്റാളുകൾ കണ്ടെത്തി വിപണനം നടത്തുക എന്നതാണ് സംഘത്തിന്റെ പ്രധാന ഉദ്ദേശ്യം.<br><br>ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനായി ആലത്തൂർ താലൂക്കിലെ കണ്ണംബ്ര 1 വില്ലേജിൽ ഉൾപ്പെട്ട മാങ്ങോട്ടിൽ 27.66 ഏക്കർ ഭൂമി സംഘം വാങ്ങിയിട്ടുണ്ട്. പദ്ധതി പ്രദേശത്തേക്കുള്ള റോഡിന് നിലവിൽ 5 മീറ്റർ വീതിയാണ് ഉള്ളത്. റൈസ് മിൽ പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തിന് 8 മീറ്റർ വീതിയുള്ള റോഡ് ആവശ്യമായതിനാൽ റോഡിന്റെ വീതി കൂട്ടുന്നതിനായി 2013 ലെ RFCTLARR ACT പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സംഘം സ്വീകരിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായതിനുശേഷം ആധുനിക റൈസ് മിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ